# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**2019 മെയ് 29, ബുധൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 542**

**ചരക്ക് സേവന നികുതി ചോർച്ച**

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. കെ.എസ് ശബരിനാഥൻ | | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടായിട്ടുള്ളത്; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാന നികുതി വകുപ്പിൽ മൊത്തം നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിൽ നികുതി വരുമാനവും വർദ്ധനവും ചുവടെ ചേർക്കുന്നു. |

തുക കോടിയിൽ

| വർഷം | ലഭിച്ച വരുമാനം | വർദ്ധനവ് |
|---|---|---|
| 2014-15 | 27870.89 | 2494.64 |
| 2015-16 | 31152.07 | 3281.18 |
| 2016-17 | 34038.36 | 2886.29 |
| 2017-18 | 38403.69 | 4365.33 |
| 2018-19 | 43707.51 | 5303.82 |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം കാരണത്താലാണ് നികുതി ചോർച്ച ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | ചരക്കു സേവന നികുതിയിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. നികുതി ചോർച്ച ഉണ്ടായിട്ടുള്ളതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ജിഎസ്ടിയിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് ഭൂരിപക്ഷം ചരക്കുകൾക്കും, ജിഎസ്ടിയിൽ ലയിപ്പിച്ചിട്ടുള്ള വാറ്റ്, എക്സൈസ് നികുതി ഉൾപ്പെടെയുള്ള നികുതി നിരക്കിനേക്കാൾ കുറവാണ്. ഇത് ജിഎസ്ടി വരുമാനത്തെ ബാധിച്ചിട്ടുണ്ട്.<br>2) ചരക്കു സേവന നികുതി നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. ഇതുമൂലം ചരക്കുകൾ കണക്കുകൾ രേഖപ്പെടുത്താതെ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ചരക്ക് നിയന്ത്രണം നിരീക്ഷിക്കുവാനുള്ള ഇ-വേബില്ലുകൾ സമ്പ്രദായം 2018 ഏപ്രിൽ മുതലാണ് നടപ്പാക്കിയത്.<br>3) ലളിതമായ മാസറിട്ടേണുകൾ വ്യാപാരികൾ നൽകുന്നതുമൂലം കാര്യക്ഷമമായ റിട്ടേൺ സ്ക്രൂട്ടിനി നടക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | 4) 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ സാങ്കേതിക കാരണങ്ങളാൽ സമർപ്പിക്കാൻ വ്യാപാരികൾക്ക് സമയപരിധി 30.06.2019 വരെ ദീർഘിപ്പിച്ചു. കാര്യക്ഷമമായ റിട്ടേൺ സ്ക്രൂട്ടിനി വാർഷിക റിട്ടേണുകൾ ലഭിക്കുമ്പോൾ മാത്രമാണ് നടത്തുവാൻ കഴിയുന്നത്. |
| (സി) | നഷ്ടപ്പെട്ട നികുതി വരുമാനം തിരിച്ച് പിടിക്കുവാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | നഷ്ടപ്പെട്ട നികുതി വരുമാനം തിരിച്ച് പിടിക്കാൻ തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന ചരക്കു വാഹനങ്ങളിൽ ഇ-വേബിൽ ഉണ്ടോ എന്ന് പരിശോധന നടത്തുന്നതിനു വേണ്ടി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് സ്ക്വാഡുകളെ അതിർത്തി പ്രദേശങ്ങളിൽ (24/7) വിന്യസിച്ചിട്ടുണ്ട്. പ്രധാന അതിർത്തി റോഡുകളിൽ എഎൻപിആർ സംവിധാനമുള്ള ക്യാമറകൾ സ്ഥാപിച്ച് ചരക്കു വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ എൻപിആർ ക്യാമറകൾ വാളയാറിൽ സ്ഥാപിച്ച് ഇ-വേബിൽ വിവരങ്ങൾ വിശകലനം ചെയ്തു വരുന്നു. ഇത് കാര്യക്ഷമമായ വാഹന പരിശോധന ഉറപ്പുവരുത്തി നികുതി വെട്ടിപ്പ് തടയുന്നതാണ്.<br><br>2017-18, 2018-19 വർഷങ്ങളിലെ വാർഷിക റിട്ടേണുകൾ 2019 ജൂൺ, സെപ്തംബർ എന്നീ മാസങ്ങളിൽ ലഭിക്കും. ഇവയുടെ സ്ക്രൂട്ടിനി, ഓഡിറ്റ് എന്നിവയിലൂടെ നഷ്ടപ്പെട്ട ജിഎസ്ടി തിരിച്ചുപിടിക്കാനുള്ള കർമ്മ പരിപാടിയാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br><br>വ്യാപാരികളുടെ ഇൻപുട്ട് പരിശോധിക്കാൻ ആവശ്യമായ ബാക്ക് എൻഡ് മോഡ്യൂളും മേഖല തിരിച്ചിട്ടുള്ള ഡാറ്റാ വിശകലനവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സേവനദാതാക്കളിൽ ഭൂരിപക്ഷവും രജിസ്ട്രേഷനിലേയ്ക്ക് വന്നിട്ടില്ല. ഈ സാഹചര്യത്തിൽ കൂടുതൽപേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br><br>നികുതി വകുപ്പിനെ പുനസംഘടിപ്പിക്കും. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തും. ഡാറ്റാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര, സംസ്ഥാന ചരക്കു സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ടെസ്റ്റ് പർച്ചേയ്സ് നടത്തു |

| | | | |
|---|---|---|---|
| | | | ന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br><br>നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുക യെന്ന പ്രവണത പ്രോത്സാഹിപ്പുക്കുന്നതിനു വേണ്ടി ചരക്കു സേവന നികുതി വിതരണ ക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്ക രണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും. |
| (ഡി) | ഈ സാമ്പത്തിക വർഷം ചരക്കു സേവന നികുതിയിനത്തിൽ എത്ര ശതമാനം വളർച്ചാനിരക്കാണ് ലക്ഷ്യമിടുന്നത്; ഇത് കൈവരിക്കു ന്നതിലൂടെ പ്രസ്തുത നികുതി യിൽ ഉണ്ടായ ഗണ്യമായ കുറവ് പരിഹരിക്കാൻ സാധിക്കുമോ; | (ഡി) | ഈ സാമ്പത്തിക വർഷം ചരക്കു സേവന നികു തിയിനത്തിൽ 30 ശതമാനം വളർച്ചാ നിരക്കാണ് ലക്ഷ്യമിടുന്നത്. ഇത് കൈവരിക്കുന്നതിലൂടെ പ്രസ്തുത നികുതിയിലുണ്ടായ കുറവ് പരിഹരി ക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**